**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 305 03.02.2020 – ൽ മറുപടിയ്ക്ക് .

## യാത്രക്കാരായ സ്ത്രീകൾക്കുള്ള ഫ്രെഷ്അപ്പ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി,കെ.മുരളി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വനിത-ശിശുവികസനവും<br>വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | ദൂരയാത്ര ചെയ്യുന്ന സ്ത്രീകൾക്ക് ശുചിമുറിയും വിശ്രമസ്ഥലവും ലഭ്യമാക്കുന്നതിനായി ഫ്രെഷ്-അപ്പ് സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അവ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഫ്രെഷ്-അപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും എറണാകുളം ജില്ലയിലെ അങ്കമാലിയിലുമാണ് ഫ്രെഷ് അപ്പ് സെന്ററുകൾ നിർമ്മിക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ സെന്ററുകളിൽ ലഭ്യമാക്കുന്നത് എന്ന് വിശദീകരിക്കാമോ? | (ബി) | ഫ്രെഷ്-അപ്പ് സെന്ററുകളിൽ ശൗചാലയങ്ങൾ (പ്രായമായ-വർക്കും, ഭിന്നശേഷിക്കാർക്കും സൗകര്യപ്രദമായ രീതിയിൽ സജ്ജീകരിച്ചിട്ടുള്ളവ), അമ്മമാർക്ക് മുലയൂട്ടൽ മുറി, നാപ്കിൻ ഡിസ്പോസർ, സ്നാക്ക് ബാർ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**